"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി അധിക ധനാനുമതി വഴി ലഭിച്ച തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.275/2026/CLAD തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-
1. സർക്കുലർ നം.1/2021/ഫിൻ തീയതി 04.01.2021
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 17/03/2026-ലെ എ1-2087/25/സാം.വ നമ്പർ കത്ത്
3. സ.ഉ (സാധാ) നം.3252/2026/ധന തീയതി 23.03.2026

**ഉത്തരവ്**

സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കുന്ന 2205-00-102-25 (NP) എന്ന ശീർഷകത്തിലേക്ക് വകുപ്പിലെ മറ്റൊരു ശീർഷകമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം നൽകുന്ന 2205-00-102-87-36 (NP) എന്ന ശീർഷകത്തിൽ നിന്നും 70,00,000/- രൂപ (എഴുപത് ലക്ഷം രൂപ മാത്രം) ധന പുനർവിനിയോഗം മുഖേന അനുവദിക്കണമെന്നാവശ്യപ്പെട്ട് സാംസ്കാരികവകുപ്പ് ഡയറക്ടർ കത്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കുന്ന 2205-00-102-25 (NP) എന്ന ശീർഷകത്തിലേക്ക് വകുപ്പിലെ മറ്റൊരു ശീർഷകമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം നൽകുന്ന 2205-00-102-87-36 (NP) എന്ന ശീർഷകത്തിൽ നിന്നും 70,00,000/- രൂപ (എഴുപത് ലക്ഷം രൂപ മാത്രം) ധന പുനർവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്) കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം
ധനകാര്യ വിദ്യാഭ്യാസ(ഡി) വകുപ്പ് (24.03.2026-ലെ 3358498/EDN-D2/74/2025-FIN
നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി2/224/2025/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 02-04-2026 15:15:16

സെക്ഷൻ ഓഫീസർ

പകർപ്പ്ഃ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ് - ന്
സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-ക്ക്